"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

വാഴച്ചാൽ ഡിവിഷനിലെ കൊല്ലത്തിരുമേട് റെയിഞ്ചിൽ 21.08.1985 –ൽ നടന്ന തേക്ക് കഴ ലേലത്തിൽ പങ്കെടുത്ത ശ്രീ. എ.കെ. കറുപ്പൻ, അരുർ വീട്, ചൊവ്വർ എന്നയാളുടെ നഷ്ടോത്തരവാദിത്വത്തിൽ, തേക്ക് കഴകൾ പുനർലേലം ചെയ്ത വകയിൽ സർക്കാരിനുണ്ടായ 28,213/- രൂപയുടെ സർക്കാർ നഷ്ടം എഴുതിത്തള്ളുന്നതിന് നടപടി സ്വീകരിക്കുന്നതിന് അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫോറസ്റ്റ്, ലാൻഡ്&റിസോഴ്സസ്)-നെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വനം വന്യജീവി (ബി) വകുപ്പ്

സ.ഉ.(സാധാ) നം.154/2021/വനം തീയതി,തിരുവനന്തപുരം, 21/05/2021

---

പരാമർശം:- 1 അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (റീജിയണൽ നോർത്ത്), കോഴിക്കോട് -ന്റെ 13/11/2015-ലെ ബി1-3049/15 നമ്പർ കത്ത്.

2 01/9/2018-ലെ സ.ഉ.(സാധാ)നം.394/2018/വനം നമ്പർ സർക്കാർ ഉത്തരവ്.

3 അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫോറസ്റ്റ്, ലാൻഡ് & റിസോഴ്സസ്), കോഴിക്കോട്-ന്റെ 23/11/2020 -ലെ എ-865/2020(ബി1-3049/15) നമ്പർ കത്ത്.

ഉത്തരവ്

വാഴച്ചാൽ ഡിവിഷനിലെ കൊല്ലത്തിരുമേട് റെയിഞ്ചിൽ 21.08.1985 – ൽ നടന്ന തേക്ക് കഴ ലേലത്തിൽ പങ്കെടുത്ത ശ്രീ . എ . കെ . കറുപ്പൻ , അരുർ വീട് , ചൊവ്വർ എന്നയാൾ വിളിച്ചെടുത്ത തേക്ക് കഴകളുടെ വിലയുടെ ബാക്കി തുക ഒടുക്കാതിരുന്നതിനാൽ ടിയാന്റെ നഷ്ടോത്തരവാദിത്വത്തിൽ ഉൽപ്പന്നങ്ങൾ പുനർലേലം ചെയ്തതിൽ സർക്കാരിന് 34,513/- (മുപ്പത്തിനാലായിരത്തി അഞ്ഞൂറ്റിപതിമൂന്ന് രൂപ) രൂപയുടെ നഷ്ടമുണ്ടാകുകയും, ടിയാന്റെ പേരിലുണ്ടായിരുന്ന 4 സെന്റ് (സർവ്വെ നമ്പർ 210) സ്ഥലം പൊതുലേലത്തിൽ വെച്ച് കിട്ടിയ 6,300/- രൂപ കിഴിച്ച്, കടിശ്ശികക്കാരനിൽ നിന്നും ബാക്കി ലഭിക്കേണ്ടിയിരുന്ന തുകയായ 28,213/- രൂപ (ഇരുപത്തെട്ടായിരത്തി ഇരുന്നൂറ്റി പതിമൂന്ന് രൂപ മാത്രം), ഈടാക്കുന്നതിന് നിർവ്വാഹമില്ലായെന്നും പരാമർശം (1) പ്രകാരം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (റീജിയണൽ നോർത്ത്), കോഴിക്കോട് റിപ്പോർട്ട് ചെയ്തിരുന്നു.

(2) ശ്രീ . എ . കെ . കറുപ്പൻ . അരുർ വീട് . ചൊവ്വർ എന്നയാളിൽ നിന്നും ബാധ്യത വന്നതിനു ശേഷം അനന്തരാവകാശികൾക്ക് ഭൂമി കൈമാറ്റം ചെയ്തതായോ പുനർലേല തിയതിയായ 02.07.1986 മുതൽ റിക്വിസിഷൻ തിരികെ അയച്ച 07.01.1993 വരെയുള്ള

കാലയളവിൽ ടിയാന്റെ പേരിലുള്ള വസ്തുക്കൾ കൈമാറ്റം ചെയ്തതായോ കാണുന്നില്ലെന്നും തഹസിൽദാർ (ആർ.ആർ) തൃശ്ശൂർ അറിയിച്ചിട്ടുള്ളതായി ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, വാഴച്ചാൽ റിപ്പോർട്ട് ചെയ്ത സാഹചര്യത്തിലും. ടി കേസിന്റെ കാലപ്പഴക്കം പരിഗണിച്ചും. കുടിശ്ശികക്കാരൻ മരണപ്പെട്ട സാഹചര്യത്തിലും സർക്കാർ നഷ്ടം ഈടാക്കുന്നതിന് നിർവ്വാഹമില്ലാത്തതിനാൽ പ്രസ്തുത തുക എഴുതിത്തള്ളുന്നതിന് അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫോറസ്റ്റ്, ലാൻഡ് & റിസോഴ്സസ്), കോഴിക്കോട് പരാമർശം (3) പ്രകാരം ശിപാർശ ചെയ്തിരുന്നു.

(3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വാഴച്ചാൽ ഡിവിഷനിലെ കൊല്ലത്തിരുമേട് റെയിഞ്ചിൽ 21.08.1985 – ൽ നടന്ന തേക്ക് കഴ ലേലത്തിൽ പങ്കെടുത്ത ശ്രീ. എ.കെ. കറുപ്പൻ, അത്രൂർ വീട്, ചൊവ്വൂർ എന്നയാളുടെ നഷ്ടോത്തരവാദിത്വത്തിൽ പുനർലേലം ചെയ്ത വകയിൽ സർക്കാരിനുണ്ടായ നഷ്ടം, ടി കേസിന്റെ കാലപ്പഴക്കം പരിഗണിച്ചും, ടിയാൻ മരണപ്പെട്ട സാഹചര്യത്തിലും, ടിയാന്റെ പേരിലുള്ള വസ്തുക്കൾ കൈമാറ്റം ചെയ്തതായി കാണുന്നില്ലെന്നുള്ള അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫോറസ്റ്റ്, ലാൻഡ് & റിസോഴ്സസ്), കോഴിക്കോട്- ന്റെ ശിപാർശ പരിഗണിച്ചും, സർക്കാരിനുണ്ടായ 28,213/- (ഇരുപത്തെട്ടായിരത്തി ഇരുന്നൂറ്റി പതിമൂന്ന് രൂപ മാത്രം) രൂപയുടെ സർക്കാർ നഷ്ടം എഴുതിത്തള്ളുന്നതിന് പരാമർശം (2) ഉത്തരവിലെ ക്രമ നമ്പർ 3.4 പ്രകാരം നടപടി സ്വീകരിക്കുന്നതിന് അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫോറസ്റ്റ്, ലാൻഡ് & റിസോഴ്സസ്), കോഴിക്കോട്- നെ ചുമതലപ്പെടുത്തിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ജയറാംകുമാർ ആർ
ഡെപ്യൂട്ടിസെക്രട്ടറി

പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്, ഫോറസ്റ്റ് ഹെഡ്ക്വാർട്ടേഴ്സ്, തിരുവനന്തപുരം
പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ(ഫോറസ്റ്റ് മാനേജ്മെന്റ്), ഫോറസ്റ്റ് ഹെഡ്ക്വാർട്ടേഴ്സ്, തിരുവനന്തപുരം
അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫോറസ്റ്റ്, ലാൻഡ് & റിസോഴ്സസ്), കോഴിക്കോട്
പ്രിൻസിപ്പൽ അക്കൌണ്ടന്റ് ജനറൽ (ആഡിറ്റ് /എ&ഇ),തിരുവനന്തപുരം
ധനകാര്യ വകുപ്പ് (യു.ഒ.നമ്പർ..E.1717315/അഗ്രി-എ1/58/2021/ഫിൻ പ്രകാരം)
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by PADMINI K S
Date: 2021.05.2_ _5:07:46 IST
Reason: Approved
സെക്ഷൻ ഓഫീസർ